# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4064** | **03.02.2014**-ൽ മറുപടിക്ക്

## 'എസ്.എ.ടി.ആശുപത്രിയിലെ ഐ.വി.എഫ്.ചികിത്സ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്. സലീഖ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രധാന ആശുപത്രിയായ എസ്.എ.ടി. ആശുപത്രിയുടെ വികസനത്തിനായി നടപ്പുവർഷം കേന്ദ്ര / സംസ്ഥാന സർക്കാരുകൾ എത്ര തുകയുടെ സഹായം പ്രഖ്യാപിച്ചു; എത്ര തുക നാളിതുവരെ ചിലവാക്കി; വ്യക്തമാക്കുമോ; | (എ) നടപ്പുവർഷം കേന്ദ്രഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും വിവിധ പദ്ധതികൾക്കായി അനുവദിച്ച ആകെ തുക ചുവടെ ചേർക്കുന്നു.<br><br>അനുവദിച്ച തുക - 2,95,53,350/- രൂപ<br>നടപ്പുവർഷത്തെ നാളിതുവരെ ആകെ ചെലവ് - 2,15,69,915/- രൂപ<br><br>**പദ്ധതികളുടെ പേര്**<br>(എൻ.ആർ.എച്ച്.എം)<br>1. ജെ.എസ്.എസ്.കെ<br>2. ജെ.എസ്.വൈ.<br>3. പി.പി.എസ്.<br>4. പി.പി.എസ്.ക്യാമ്പ്<br>5. എൻ.എസ്.വി.<br><br>കൂടാതെ ആർ.എസ്.ബി.വൈ. (RSBY) മുഖേന കിട്ടിയ തുക - 1,18,68,750/- രൂപ<br>മുൻവർഷങ്ങളിൽ കിട്ടിയ തുക ഉൾപ്പെടെ നടപ്പുസാമ്പത്തിക വർഷം ചെലവായ തുക - 1,79,03,296/- രൂപ<br><br>ആർ.ബി.എസ്.കെ. (RBSK) മുഖേന ലഭിച്ച തുക - 12,00,000/-<br>ചെലവായ തുക - 1,60,485/- രൂപ |

ഇതു കൂടാതെ 80 കോടി രൂപ ചിലവിൽ ഒരു മെറ്റേണിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് തറക്കല്ലിട്ടിട്ടുണ്ട്. അത് എൻ.ആർ.എച്ച്.എം. നേരിട്ടാണ് ചെയ്യുന്നത്.

(ബി) കുഞ്ഞുങ്ങളില്ലാത്തവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി എസ്.എ.ടി. ആശുപത്രിയിലെ വന്ധ്യതാ ചികിത്സാ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ആധുനിക രീതിയിലുള്ള വന്ധ്യതാ ചികിത്സാ രീതിയായ ഐ.വി.എഫ്. കൂടുതൽ ദമ്പതിമാർക്ക് പ്രയോജനപ്പെടുത്താനായി എംബ്രിയോളജിസ്റ്റ് ഉൾപ്പെടെ പ്രത്യേക സംഘത്തിനെ എസ്.എ.റ്റി ആശുപത്രിയിലേക്ക് മാത്രമായി നിയമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇതിനായി എത്ര കേന്ദ്ര / സംസ്ഥാന സഹായം നടപ്പു വർഷം പ്രഖ്യാപിച്ചിട്ടുണ്ട്; എത്ര തുക അനുവദിച്ചു; എത്ര ചിലവാക്കി; വ്യക്തമാക്കുമോ;

(സി) ഇതിനായി 2013-14 സാമ്പത്തിക വർഷത്തിൽ കേന്ദ്ര / സംസ്ഥാന സഹായം അനുവദിച്ചിട്ടില്ല.

(ഡി) എസ്.എ.ടി. ആശുപത്രിയിൽ ഐ.വി.എഫ്. ചികിത്സ എന്നുമുതലാണ് പ്രവർത്തനം ആരംഭിച്ചത്; എത്ര കുടുംബങ്ങൾക്ക് നാളിതുവരെ പ്രയോജനം ലഭിച്ചു; എത്ര പേർ ഇപ്പോഴും ചികിത്സയ്ക്കായുണ്ട്; വ്യക്തമാക്കുമോ;

(ഡി) എസ്.എ.റ്റി. ആശുപത്രിയിൽ ഐ.വി.എഫ്. ചികിത്സ തുടങ്ങിയത് 2013 മാർച്ച് മുതലാണ് നാളിതുവരെ 34 കുടുംബങ്ങൾക്ക് ഐ.വി.എഫ്. ചികിത്സാ രീതി കൊണ്ട് പ്രയോജനം ലഭിച്ചു. ഏകദേശം മുന്നൂറോളം പേർ ഈ ചികിത്സയ്ക്കായി തയ്യാറെടുക്കുന്നു.

(ഇ) പ്രസ്തുത ചികിത്സയ്ക്കായി ഒരു കുടുംബത്തിന് ശരാശരി ചിലവാകുന്ന തുക എത്ര; ഇതേ ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിൽ എത്ര തുക ചിലവഴിക്കേണ്ടി വരും; വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ചികിത്സയ്ക്കായി ഒരു കുടുംബത്തിന് ശരാശരി ഒരു ലക്ഷം രൂപയോളം ചെലവാകും. അത് വ്യക്തിയുടെ പ്രായം, വൈകല്യം ഇവയ്ക്കനുസരിച്ച് വ്യത്യാസം വരുന്നതാണ്. സ്വകാര്യ ആശുപത്രികളിൽ എത്ര തുക ചെലവഴിക്കേണ്ടി വരും എന്നതിനെക്കുറിച്ച് അറിയില്ല.

(എഫ്) പ്രസ്തുത ചികിത്സയ്ക്കായി എസ്.എ.ടി. ആശുപത്രിയിൽ പുതിയ ഒരു കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) ഐ.വി.എഫ്. ചികിത്സയ്ക്ക് ആവശ്യമായുള്ള അടിസ്ഥാന സൗകര്യം നിലവിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത ചികിത്സാ രീതി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാന എല്ലാ ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ? | (ജി) | വന്ധ്യതാ ചികിത്സ മൂന്ന തലങ്ങളിലായാണ് നടക്കുന്നത്. ഒന്നാമത്തെ തലത്തിലുള്ള ചികിത്സ സാധാരണ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കുന്ന താണ്. രണ്ടാമത്തെ തലത്തിലുള്ള ചികിത്സ തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്ന താണ്. മൂന്നാമത്തെ തലത്തിലുള്ള ഐ.വി.എഫ്. ചികിത്സാരീതി എല്ലാ സർക്കാർ മെഡിക്കൽ കോളേജുക ളിലും ലഭ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**